ശബരിമല വാർത്താക്കുറിപ്പ്
19.01.2025
മീഡിയ സെന്റർ, ഐ& പി ആർ ഡി, സന്നിധാനം

## മണ്ഡല-മകരവിളക്ക് തീർഥാടനത്തിന് ശുഭകരമായ സമാപനം : ദേവസ്വം പ്രസിഡന്റ്

മണ്ഡല-മകരവിളക്ക് തീർഥാടനം ശുഭകരമായി പൂർത്തിയാക്കിയതായി ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. പി. എസ്. പ്രശാന്ത്. പരാതിക്കൾക്ക് ഇടയുണ്ടാകാതെ ലക്ഷകണക്കിന് തീർഥാടകർക്ക് സുഗമമായ ദർശനം സാധ്യമാക്കാൻ കഴിഞ്ഞു. വിവിധ സർക്കാർ വകുപ്പുകൾ, ദേവസ്വം ബോർഡ്, സന്നദ്ധ, സാമുദായിക, രാഷ്ട്രീയ സംഘടനകൾ, മാധ്യമങ്ങൾ തുടങ്ങിയവയുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണിത്. തീർഥാടനവുമായി ബന്ധപ്പെട്ട് ആദ്യഘട്ട യോഗങ്ങളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നേരിട്ട് പങ്കെടുത്ത് നിർദേശങ്ങൾ നൽകി. ഓരോ ഘട്ടത്തിലും ദേവസ്വം വകുപ്പ് മന്ത്രി വി. എൻ. വാസവന്റെ നേതൃത്വത്തിൽ യോഗം ചേർന്ന് ക്രമീകരണങ്ങൾ നടപ്പാക്കി. വിവിധ വകുപ്പ് മന്ത്രിമാരുടെ അധ്യക്ഷതയിലും യോഗങ്ങൾ നടന്നു.

വാഹന പാർക്കിംഗ്, തീർഥാടകർക്ക് നിൽക്കുന്നതിനും വിരി വയ്ക്കുന്നതിനുമുള്ള പന്തലുകൾ , അന്നദാനം, കുടിവെള്ളം, പ്രസാദവിതരണം, ഗതാഗതം തുടങ്ങി എല്ലാ മേഖലകളിലും മികച്ച സൗകര്യം ഒരുക്കി. നിലയ്ക്കലും എരുമേലിയിലും അധികമായി പാർക്കിംഗ് കേന്ദ്രങ്ങൾ സജ്ജമാക്കി. ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ 25 ലക്ഷത്തിലധികം ഭക്തർക്ക് ഭക്ഷണം നൽകി. തീർഥാടനകാലം ആരംഭത്തിൽ 40 ലക്ഷത്തോളം അരവണ കരുതൽ ശേഖരം ഉണ്ടായിരുന്നു. അടിസ്ഥാ സൗകര്യങ്ങൾ കൃത്യമായി ഒരുക്കിയത് തീർത്ഥാടനകാലം മനോഹരമാക്കി. ഇരുമുടിക്കെട്ടിൽ പ്ലാസ്റ്റിക് ഒഴിവാക്കണമെന്ന തന്ത്രിയുടെ നിർദേശം പ്രയോജനപ്പെട്ടു. വസ്ത്രങ്ങൾ പമ്പയിൽ ഉപേക്ഷിക്കുന്നതിലും കുറവ് വന്നു. പ്രാഥമിക കണക്കുകൾ

പ്രകാരം മുൻ വർഷത്തേക്കാൾ 10 ലക്ഷത്തിലധികം തീർഥാടകർ ദർശനത്തിനെത്തി. ജനുവരി 18 വരെ 52 ലക്ഷം ഭക്തർ എത്തി. വരുമാനത്തിലും ഗണ്യമായ വർധനവ് ഉണ്ടായി. പോലിസിന്റെ കൃത്യവും ശാസ്ത്രീയമായുമുള്ള ഇടപെടലിലൂടെ ഭക്തജനത്തിരക്ക് കാര്യക്ഷമമായി നിയന്ത്രിച്ചു.

പതിനെട്ടാം പടിയിലെ പോലിസുകാരുടെ പ്രവർത്തന സമയം 15 മിനിറ്റാക്കി കുറച്ചതിലൂടെ ഒരു മിനിറ്റിൽ 85 തീർഥാടകരെ വരെ കയറ്റിവിടാനായി. സോപനത്തിന് മുമ്പിലുള്ള ദർശനക്രമീകരണവും ഫലപ്രദമായിരുന്നു. തീർഥാടകരോടുള്ള പോലീസിന്റെ പെരുമാറ്റവും കുട്ടികൾക്കും വയോധികർക്കും ദർശനസൗകര്യം ഉറപ്പാക്കുന്ന പ്രവർത്തനങ്ങളും ശ്ലാഘനീയമായിരുന്നുവെന്നും പ്രസിഡന്റ് പറഞ്ഞു.

## ഗുരുതിയോടെ തീർത്ഥാടനത്തിന് സമാപനമായി

ശബരിമല തീർത്ഥാടനത്തിന് സമാപനം കുറിച്ച് മാളികപുറം മണിമണ്ഡപത്തിന് മുൻപിലായി ഗുരുതി നടന്നു. വൈകിട്ട് 5 ന് നട തുറന്നതിന് ശേഷം ഗുരുതിയുടെ കളം ഒരുക്കങ്ങൾ മണിമണ്ഡപത്തിനു സമീപം തുടങ്ങി. ഹരിവരാസനം ചൊല്ലി സന്നിധാനത്ത് നട അടച്ചശേഷം പന്തളം രാജപ്രതിനിധി തൃക്കേട്ടനാൾ രാജരാജ വർമയും ദേവസ്വം പ്രതിനിധികളും മാളികപ്പുറത്ത് എത്തിയതോടെ ഗുരുതി ചടങ്ങുകൾക്ക് തുടക്കമായി.

മണിമണ്ഡപത്തിന് മുന്നിൽ ഒരുക്കിയ തറയിൽ നിലവിളക്കുകളും പന്തവും കൊളുത്തി ചടങ്ങുകൾ തുടങ്ങി. തുടർന്ന് മന്ത്രങ്ങൾ ചൊല്ലി കുമ്പളങ്ങ മുറിച്ച് മഞ്ഞൾപ്പൊടിയും ചുണ്ണാമ്പും കുഴച്ചുണ്ടാക്കിയ ചുവന്ന നിണമൊഴുക്കി ഗുരുതി നടത്തി.

മകരസംക്രമത്തിന്റെ ആറാം നാളാണ് പ്രകൃതിയുടെ ചൈതന്യമായ ഭദ്രകാളിക്ക് ഗുരുതി നടത്തുന്നത്. പ്രധാനമായും രണ്ട് ഭാഗങ്ങളാണ് ഗുരുതി ചടങ്ങിലുള്ളത്. ആദ്യത്തെ ചടങ്ങുകൾ മാത്രമേ ഭക്തജനങ്ങൾക്ക് കാണാൻ കഴിയുകയുള്ളു.

രണ്ടാമത്തെ ചടങ്ങുകൾ മണിമണ്ഡപത്തിനുള്ളിൽ രാജപ്രതിനിധികളുടെ മാത്രം സാന്നിധ്യത്തിലാണ് നടക്കുന്നത്.

റാന്നി കുന്നയ്ക്കാട്ട് കുടുംബത്തിലെ കുറുപ്പന്മാർക്കാണ് ഗുരുതി ചടങ്ങുകൾ നടത്താനുള്ള അവകാശം. അജിത്ത് ജനാർദ്ദന കുറുപ്പ്, രതീഷ് അയ്യപ്പ കുറുപ്പ്, ജയകുമാർ ജനാർദ്ദന കുറുപ്പ് എന്നിവരാണ് ഗുരുതി കർമ്മങ്ങൾ നടത്തിയത്.